ഓട്ടംതുള്ളൽ.

# കുടിയേറ്റസാഹിത്യം!

ജോൺ ഇളമത.

സാഹിത്യത്തിൻ പേരുപറഞ്ഞ്
ചെളിവാരി എറിഞ്ഞൊരു കൂട്ടർ
അവർഡുകൾ വാങ്ങികൂട്ടും കൂട്ടർ
കൂലിക്കെഴുതും കൂട്ടർ!

പൊന്നാടകളിട്ടു ഞെളിഞ്ഞു നടന്ന്
കെട്ടുകഥകളെഴുതും കൂട്ടർ
പേന എടുത്തവരൊക്കെ
വെളിച്ചപ്പാടുതുള്ളും കൂട്ടർ!

മുഖ്യധാരയിലെഴുതും കൂട്ടർ
അധമധാരയിലെഴുതുംകൂട്ടർ
കുടിയേറ്റക്കാരൊരുകൂട്ടർ
അടിപിടി കൂട്ടും കൂട്ടർ!

അക്ഷരമെന്നൊരു പേരുപറഞ്ഞ്
നാക്കുചൊറിഞ്ഞും നടക്കും കൂട്ടർ
കഷ്ടം!എഴുതാത്തവരൊക്കെ
കുറ്റംചാർത്തി നടക്കും കൂട്ടർ!

വിമർശകരിവിടെല്ലന്നൊരു കൂട്ടർ
വിപ്ലവമൊരുക്കും കൂട്ടർ!
സാഹിത്യത്തിനു പിരിവില്ലന്ന്,
സഹിഷ്ണത കെട്ടൊരു കൂട്ടർ!

എന്തിനുപയിട്ടിവിടെയമുണ്ട്
കുടിയേറ്റത്തിൻ സാഹിത്യം!
കഥകളെഴുതൂ,കവിതകളെഴുതൂ
കുടിയേറ്റത്തെ ഭാസുരമാക്കൂ!

എന്തിനുമേതിനുമൊരുകൂട്ടർ
മുഖ്യധാര എന്നൊരു കൂട്ടർ
ധാരമുറിഞ്ഞൊരു കൂട്ടർ
നായെപ്പോലെ കുരക്കുംകൂട്ടർ!